# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2605** **06.12.2018-ൽ മറുപടിക്ക്**

**ഗ്രാമീണ മേഖലയിൽ സഹകരണ പ്രസ്ഥാനങ്ങൾ വഹിക്കുന്ന പങ്ക്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.എം. ആരിഫ്** | | **ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഗ്രാമീണ മേഖലകളിലെ സാധാരണക്കാരുടെ സാമ്പത്തിക വികസനത്തിന് സഹകരണ പ്രസ്ഥാനങ്ങൾ വഹിക്കുന്ന പങ്ക് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്;<br><br>ഗ്രാമീണ മേഖലകളിലെ കാർഷികവും കാർഷികേതരവുമായ എല്ലാ ദൈനംദിന സാമ്പത്തിക ഇടപാടുകളിലും സേവനരംഗങ്ങളിലും സഹകരണ പ്രസ്ഥാനങ്ങൾ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. കേരളത്തിൽ റിസർവ്വ് ബാങ്ക് ലൈസൻസോടു കൂടി സഹകരണ മേഖലയിൽ ഒരു സംസ്ഥാന സഹകരണ ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ, 60 അർബൻ സഹകരണ ബാങ്കുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. കൂടാതെ ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന 1600 ലധികം വരുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അവയുടെ 3000 ത്തിലധികം ശാഖകളും നാടിന്റെ നാനാഭാഗത്തും പ്രവർത്തിക്കുന്നു. വൻകിട ബാങ്കുകൾ തിരസ്കരിക്കപ്പെടുന്ന സാധാരണക്കാർക്കുള്ള അത്താണിയാണ് സഹകരണ ബാങ്കുകൾ. ഒരേ സമയം സാധാരണ ജനങ്ങളെ സഹായിക്കുന്നതിനും നാടിന്റെ സ്ഥായിയായ വികസന ആവശ്യങ്ങൾക്ക് പണം കണ്ടെത്തുന്നതിനും സഹകരണ ബാങ്കുകൾ വലിയ പങ്കു വഹിക്കുന്നു. |

| | | | |
|---|---|---|---|
| | | | നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി പലിശ രഹിത വായ്പ പദ്ധതി നടപ്പിലാക്കി വരുന്നു. കർഷകർക്കും ഉപഭോക്താക്കൾക്കും ഒരു പോലെ പ്രയോജനം ലഭിയ്ക്കാനായി കർഷകരിൽ നിന്ന് നെല്ല് സംഭരിച്ച് മായം കലർത്താതെ അരിയാക്കി പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടക്കുന്നവരുടെ പലിശ ബാധ്യത സർക്കാർ വഹിക്കുന്ന ഉത്തേജന പലിശ ഇളവ് വായ്പ പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ചെറുകിട വ്യവസായം, സ്വയം തൊഴിൽ, കുടുംബശ്രീ, സ്വയം സഹായ സംഘങ്ങൾ എന്നീ ആവശ്യങ്ങൾക്ക് വിതരണം ചെയ്യുന്ന വായ്പകൾക്ക് സഹകരണ സംഘങ്ങൾ/ ബാങ്കുകൾ താരതമ്യേന കുറഞ്ഞ പലിശ നിരക്കാണ് ഈടാക്കുന്നത്. കോഴി, താറാവ്, മൽസ്യം, ആട്ടുമാട്ടുകൾ എന്നിവ വളർത്തുന്നതിനുമുള്ള പ്രത്യേക വായ്പ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഉന്നത വിദ്യാഭ്യാസത്തിനും പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുമായി സഹകരണ ബാങ്കുകൾ മുഖേന വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സഹകരണ സംഘങ്ങൾ നടത്തുന്ന പ്രതിമാസ നിക്ഷേപ പദ്ധതികളുടേയും (എം.ഡി.എസ്), വായ്പയുടെയും ജാമ്യവ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) | **50,000/-രൂപ** വരെയുള്ള വായ്പകൾ അംഗങ്ങളുടെ പരസ്പര ജാമ്യത്തിൻമേൽ വിതരണം ചെയ്യാവുന്നതാണ്. **50,000/-** രൂപയ്ക്കു മുകളിൽ വരുന്ന വായ്പകൾ വസ്തു ഈടിൻ മേലോ രണ്ടിൽ കുറയാത്ത കേന്ദ്ര/സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥൻമാരുടെ ശമ്പള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലോ ജാമ്യമായി സ്വീകരിച്ച് വായ്പ നൽകാവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | അൻപതിനായിരത്തിന് മുകളിൽ വരുന്ന വായ്പകൾക്കും അൻപതിനായിരത്തിന് താഴെ വരുന്ന വായ്പകൾക്കും പ്രത്യേക ജാമ്യവ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) | നിഷ്കർഷിട്ടുണ്ട്.<br>പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ,ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ,ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവ **50,000/-** രൂപ വരെയുള്ള കാർഷികേതര വായ്പകൾ അംഗങ്ങളുടെ പരസ്പര ജാമ്യത്തിൻമേൽ വിതരണം ചെയ്യാവുന്നതാണ്. **50,000/-** രൂപയ്ക്ക് മുകളിൽ 3 ലക്ഷം വരെയുള്ള കാർഷികേതര വായ്പകൾ വസ്തു ഈടിൻ മേലോ രണ്ടിൽ കുറയാത്ത കേന്ദ്ര/സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥൻമാരുടെ ശമ്പള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലോ ജാമ്യമായി സ്വീകരിച്ച് വായ്പ നൽകാവുന്നതാണ്. 3 ലക്ഷം രൂപയിൽ അധികരിച്ച എല്ലാത്തരം വായ്പകളും (കാർഷികവും, കാർഷികേതരവും) വസ്തു ഈടിൻ മേലോ, മതിയായ മറ്റ് ജാമ്യം ഉറപ്പുവരുത്തിയോ ആണ് നൽകേണ്ടത്.<br>പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് പരമാവധി 1 ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകൾ അംഗങ്ങളുടെ പരസ്പര ജാമ്യത്തിൻ മേൽ വിതരണം ചെയ്യാവുന്നതാണ്. 1 ലക്ഷം രൂപയ്ക്ക് മുകളിൽ 3 ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകൾ വസ്തു ജാമ്യത്തിലോ, രണ്ടിൽ കുറയാത്ത കേന്ദ്ര / സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥൻമാരുടെ ശമ്പള സർട്ടിഫി ക്കറ്റിന്റെ അടിസ്ഥാനത്തിലോ ജാമ്യമായി സ്വീകരിച്ച് വായ്പ നൽകാവുന്നതാണ്. |
| (ഡി) | അൻപതിനായിരത്തിന് മുകളിൽ വരുന്ന തുകയ്ക്ക് സർക്കാർ, അർദ്ധ സർക്കാർ ജീവനക്കാരുടെ സാലറി സർട്ടിഫിക്കറ്റോ വസ്തു ജാമ്യമോ നിർബന്ധമാക്കിയിട്ടുണ്ടോ; | (ഡി) | **50,000/-**രൂപയ്ക്ക് മുകളിൽ വരുന്ന കാർഷികേതരമായ എല്ലാ വായ്പകൾക്കും കേന്ദ്ര/സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥൻമാരുടെ ശമ്പള സർട്ടിഫിക്കറ്റോ അല്ലെങ്കിൽ വസ്തു ജാമ്യമോ നിർബന്ധമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | എന്നാൽ **50,000/-രൂപ മുതൽ 1 ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകൾ അംഗങ്ങളുടെ പരസ്പര ജാമ്യത്തിൻ മേൽ ലഭിക്കുന്നതാണ്.** |
| (ഇ) | ഉണ്ടെങ്കിൽ ഈ നിബന്ധന സാധാരണക്കാർക്ക് ഇടപാട് നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജാമ്യവ്യവസ്ഥകൾ രൂപയുടെ മൂല്യ ശോഷണത്തിന്റെ അടിസ്ഥാനത്തിലും സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളോട് കിടപിടിക്കാൻ കഴിയുന്ന തരത്തിലും കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് നിർദ്ദേശം നൽകുമോ? | (ഇ) | ഇല്ല. ജാമ്യ വ്യവസ്ഥകൾ രൂപയുടെ മൂല്യശോഷണത്തിന്റെ അടിസ്ഥാനത്തിലും സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളോട് കിടപിടിക്കാൻ കഴിയുന്ന തരത്തിലും കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് നിർദ്ദേശം നിലവിൽ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**